MCC Library

**C 63165** (Pages : 3) Name..................................

Reg. No...............................

# SECOND SEMESTER M.A. DEGREE EXAMINATION, JUNE 2019

(CUCSS)

Malayalam

MAL E2/8 (d)—NAVEENA KAVITHA

Time : Three Hours Maximum Weightage : 36

I. ഹ്രസ്വ ഖണ്ഡികയിൽ പതിനാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

1 പറയൂ നാട്ടിൽ പുറ-
ത്തുള്ള മാങ്ങകൾക്കെല്ലാം
രുചി ഈ മാംഗോഫ്രൂട്ടി-
യ്ക്കുള്ളപോലാണോ ?
—വിവക്ഷിതമെന്ത് ?

2 എൽ. തോമസുകുട്ടി എഴുതുന്നത് ഒരേസമയം മലയാളികളുടെ കാലത്തിൻെറ ഉള്ളിലും പുറത്തും നിന്നുകൊണ്ടാണ് 'സി.വി. വിജയം' ഇതിനു തെളിവാണോ ?

3 ഓങ്കാര സർപ്പം
ഫണം വിടർത്തുന്നു
തീർത്ഥജലത്തിനു
തീ പിടിക്കുന്നു
—കൽപ്പനയുടെ സാരസ്യമെന്ത് ?

4 നീയറിയുന്നോ വായനക്കാര
നീറുമെന്നുള്ളിൽ നിറയെ വ്യഥകൾ
—വ്യഥകൾ എന്തെല്ലാം ?

5 ഉണ്ണിക്കൃഷ്ണൻ മനസ്സിൽ കളിക്കുമ്പോൾ
ഉണ്ണികൾ വേറെ വേണമോ മക്കളായ്
തൊട്ടടുത്തുണ്ടു കളിമണ്ണുകൊണ്ടൊരു
തൊട്ടിലും പാവക്കിടാവും കിലുക്കയും
—സാരസ്യമെന്ത് ?

Turn over

MCC Library



6 എലികളും മനുഷ്യനും തമ്മിലുള്ള വ്യത്യാസം എൻ.വി. കൃഷ്ണവാര്യർ രേഖപ്പെടുത്തുന്നതെങ്ങനെ ?

7 ഏകാകിയുടെ ദുഃഖമാണ് 'പാതാളത്തിൻെറ മുഴക്കം'—ശരിയോ ?

8 ഒരു സൂര്യനുദിക്കും നിഴലായിട്ടമ്പിളി വളരും
വളരും വനമോടികളാടിത്തെളിയും
വനമൂർച്ഛയിൽ ദുഃഖം തകരും-
—ഈ പ്രത്യാശയ്ക്ക് അടിസ്ഥാനമെന്ത് ?

9 നിത്യശാന്തമാം പാലാഴിയിൽ നാഗ-
തല്പമേറിക്കിടക്കും നിരാമയൻ
അർദ്ധഹാസമോടുറ്റുനോക്കുന്നതി-
ന്നതലേശാത്തൊരെന്നെയോ നിന്നെയോ ?
—ഈ നോട്ടത്തിൻെറ അർത്ഥമെന്ത് ?

10 ജഗന്നാഥനെ ആരാധിക്കുന്നതുകൊണ്ട് സഫലമാണ് മർത്യജന്മമെന്ന് ആർ. രാമചന്ദ്രൻ കരുതാനുള്ള കാരണമെന്ത് ?

11 അണുധൂളിപ്രസാരത്തി-
ന്നവിശുദ്ധദിനങ്ങളിൽ
മുങ്ങിക്കിടന്നു നീ പൂർവ്വ-
പുണ്യത്തിൻെറ കയങ്ങളിൽ
—സാരസ്യം വ്യക്തമാക്കുക.

12 ബംഗാൾ മലയാള കവിതയിൽ ചെലുത്തിയ ഭാവുകത്വ വ്യതിയാനമെന്ത് ?

13 ഋണധന ഗണിതത്തിൻെറ
രസഹീനമാം ദുർനാടകം
—എന്താണ് ദുർനാടകം ?

14 കെ.എ. ജയശീലൻെറ കവിതയിൽ ആധുനികതയിൽ തന്നെ വേറിട്ട ഭാവുകത്വം പ്രദർശിപ്പിക്കുന്ന 'ഈച്ച' എന്ന കവിത ഉദാഹരിക്കാമോ ?

(14 × 1 = 14 weightage)

**MCC Library**



II. ഒന്നരപ്പുറത്തിൽ കവിയാതെ **ഏഴു** ചോദ്യത്തിന് ഉത്തരമെഴുതുക :

15 പുതുകവിതയിലെ ദളിത് പ്രതിനിധാനമായി 'കൂട്ടാന്തതയുടെ എഴുപതു വർഷങ്ങൾ' മാറുന്നതെങ്ങനെ ?

16 സ്വജീവിതാനുഭവങ്ങളിൽനിന്നും ആർജിച്ച ദർശനമാണ് പാലൂരിൻെറ കവിതകളിലുള്ളത്. 'പ്രഭാത വന്ദന'ത്തെ കേന്ദ്രീകരിച്ച് വിശദമാക്കുക.

17 കാഴ്ച ചിത്രങ്ങളും ഓർമ്മകളുംകൊണ്ട് നെയ്തെടുത്തവയാണ് ദേശമംഗലം രാമകൃഷ്ണൻെറ കവികൾ—'രണ്ടാംജന്മ'ത്തെ ആസ്പദമാക്കി ചർച്ച ചെയ്യുക.

18 കാല്പനികതയുടെ ആടയാഭരണങ്ങൾ അവൻ ഞാൻ തന്നെയാകുന്നു എന്ന കവിതയെ എത്രത്തോളം മനോഹരമാക്കുന്നു—വിശദമാക്കുക.

19 ഗ്രാമീണ ജീവിതത്തിൻെറയും ബഹിഷ്കൃതരുടെ അനുഭവങ്ങളുടെയും കാഴ്ചകളാണ് എസ്. ജോസഫിൻെറ കവിതകൾ. 'കറുത്ത കല്ല് ' ഇതിനുദാഹരണമാണോ ?

20 പെൺമയുടെ ഊർജ്ജമാണ് 'കൽവീട് ' എന്ന കവിത—സമർത്ഥിക്കുക.

21 'ഗ്രാമവൃക്ഷത്തിലെ വവ്വാൽ' എന്ന കവിതയുടെ ഉള്ളടക്കമെന്ത് ?

22 ലക്ഷണമൊത്ത ഉത്തരാധുനിക കവിതയായി 'വായനാവികൃതി' മാറുന്നുണ്ടോ ? വ്യക്തമാക്കുക.

23 പുരുഷനിർമ്മിതമായ യാഥാസ്ഥിതിക സ്ത്രീബിംബത്തെ നിരാകരിക്കുന്ന കവിതയാണ് അനിത തമ്പിയുടെ 'മുറ്റമടിക്കുമ്പോൾ'—വിശദീകരിക്കുക.

24 'മഞ്ഞിനോട് വെയിലെന്നപോലെയും' എന്ന കവിതയിൽ പ്രതിഫലിക്കുന്ന കാല്പനിക ഘടകങ്ങൾ എന്തെല്ലാം ?

(7 × 2 = 14 weightage)

III. അഞ്ചു പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. :

25 ബാലചന്ദ്രൻ ചുള്ളിക്കാടിൻെറ 'ഗസൽ' എന്ന കവിതയ്ക്കുള്ള സമകാലിക പ്രസക്തി എന്ത് ?

26 കാവാലം നാരായണപ്പണിക്കരുടെ 'മണ്ണിൻെറ ദുഃഖം' ഒരു നാടോടിക്കവിതയുടെ ഈണം മുഴക്കുന്നുണ്ടോ ? വിശദീകരിക്കുക.

27 പി.കെ. ഗോപിയുടെ സ്വാതന്ത്ര്യത്തിൻെറ ചിറകുകൾ ഒരു ഭാവഗീതമെന്ന നിലയിൽ വിലയിരുത്തുക.

28 പുതുകവിതയുടെ വർത്തമാനം പാഠ്യഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

(2 × 4 = 8 weightage)